"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- കൊല്ലം ജില്ല- കൊട്ടാരക്കര നഗരസഭയിൽ കരാർ അടിസ്ഥാനത്തിൽ ലൈബ്രേറിയൻ തസ്തിക സൃഷ്ടിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.132/2026/LSGD തീയതി,തിരുവനന്തപുരം, 16-01-2026

---

പരാമർശം:- 1. 19.04.2025 തീയതിയിലെ സ.ഉ (അച്ചടി) നം.54/2025/ധന.

2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26.05.2025 തിയതിയിലെ LSGD/PD/12471/2024-DEE6 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ കൊട്ടാരക്കര നഗരസഭയുടെ ഉടമസ്ഥതയിൽ ലൈബ്രറി ഒന്നും തന്നെയില്ലാത്തതിനാൽ പൊതുജനതാൽപ്പര്യാർത്ഥം ലൈബ്രറി രൂപീകരിച്ചിട്ടുള്ളതും ടി ലൈബ്രറിയുടെ പ്രവർത്തനത്തിന് ലൈബ്രേറിയൻ തസ്തിക ആവശ്യമുണ്ടെന്ന് നഗരസഭാസെക്രട്ടറി അറിയിച്ചിട്ടുള്ളതായും, അതിൻപ്രകാരം കൊട്ടാരക്കര നഗരസഭയിൽ ഒരു ലൈബ്രേറിയൻ ഗ്രേഡ് 4 തസ്തിക അനുവദിക്കുന്നതിനുള്ള കൊല്ലം ജില്ലാ ജോയിന്റ് ഡയറക്ടറുടെ പ്രപ്പോസൽ ബന്ധപ്പെട്ട രേഖകൾ സഹിതം അനുകൂലപരിഗണനയ്ക്കായി പരാമർശം 2 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം, ലൈബ്രേറിയൻ തസ്തികയുടെ വേതനം നഗരസഭയുടെ തനതു ഫണ്ടിൽ നിന്ന് വഹിക്കേണ്ടതാണെന്ന വ്യവസ്ഥയിലും കരാർ/ദിവസവേതന നിയമനം സംബന്ധിച്ച ധനവകുപ്പിന്റെ പൊതു ഉത്തരവുകളിലെ നിബന്ധനകൾ പാലിക്കേണ്ടതാണെന്ന വ്യവസ്ഥയിലും പരാമർശം 1 പൊതു ഉത്തരവിലെ കാറ്റഗറി V ൽ നിഷ്കർഷിക്കുന്ന പ്രകാരം കൊട്ടാരക്കര നഗരസഭയിൽ കരാർ അടിസ്ഥാനത്തിൽ ഒരു 'ലൈബ്രേറിയൻ' തസ്തിക സൃഷ്ടിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കൊട്ടാരക്കര നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 16-01-2026 12:15:59

സെക്ഷൻ ഓഫീസർ